


# PRIME NEWS ANALYSIS

Malayalam

ACHARYA

An influential mentor

www.acharyainfo.com AcharyaIAS.Academy

# എ.യു.കെ.യു.എസ് (ഓക്കസ്) - ഭൂ-രാഷ്ട്രതന്ത്രപരമായ പ്രാധാന്യം

## എന്താണ് എ.യു.കെ.യു.എസ് (ഓക്കസ്)?

അമേരിക്കയും ആസ്ത്രേലിയയും ബ്രിട്ടണും ചേർന്ന് രൂപീകരിച്ച പുതിയ കൂട്ടുകെട്ടാണ് എ.യു.കെ.യു.എസ് (ഓക്കസ്) എന്ന പേരിൽ അറിയപ്പെടുന്നത്. ഇൻഡോ-പസഫിക് മേഖലയിൽ വളർന്ന് വരുന്ന വെല്ലുവിളികളെ നേരിടുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ കൂട്ടുകെട്ട് രൂപംകൊണ്ടത്. ചൈനയുടെ പേര് എടുത്തുപറഞ്ഞില്ലെങ്കിലും മേഖലയിലെ ചൈനയുടെ വളർന്നു വരുന്ന ഭീഷണി തടയുകയാണ് ലക്ഷ്യമെന്നത് വ്യക്തമാണ്.

## എ.യു.കെ.യു.എസ് (ഓക്കസ്)ന്റെ ആവശ്യകത

- തെക്കൻ ചൈന കടലിലെ പല തർക്കമേഖലയിലും നടക്കുന്ന ചൈനയുടെ അധിപത്യശ്രമം പലപ്പോഴും മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- പസഫിക്-ദ്വീപുകളിൽ വർധിച്ചുവരുന്ന ചൈനയുടെ നിർമ്മാണപ്രക്രിയകൾ
- ആസ്ത്രേലിയക്ക് മേലുള്ള ചൈനയുടെ വ്യാപാര-ഉപരോധം

## എ.യു.കെ.യു.എസ് (ഓക്കസ്) കൂട്ടുകെട്ടിന്റെ പ്രധാന ഘടകങ്ങൾ

- പുതിയ കൂട്ടുകെട്ടിന്റെ ഭാഗമായി മൂന്ന് രാജ്യങ്ങളും സുരക്ഷാ-പ്രതിരോധ മേഖലയിലെ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട് കൂടുതൽ ശക്തമായ സഹകരണവും, ഒപ്പം സംയുക്തശേഷി വർധിപ്പിക്കലും ലക്ഷ്യം വെക്കുന്നു.

- അമേരിക്കയുടെയും യു.കെ യുടെയും സഹായത്തോടെ ആസ്ത്രേലിയ ആണവഇന്ധനത്തിൽ പ്രവർത്തിക്കുന്ന മുങ്ങിക്കപ്പൽ നിർമ്മിക്കും.

ഇതോടെ ഇത്തരം കപ്പൽ കൈവശമുള്ള ഏഴാമത്തെ രാജ്യമായി ആസ്ത്രേലിയ മാറും.

## യൂറോപ്യൻ മേഖലയിലെ പ്രതികരണം

- പുതിയ കൂട്ടുകെട്ടിന്റെ കാര്യത്തിൽ യൂറോപ്യൻ മേഖല പൂർണ്ണമായും അനുകൂലമല്ല.

- ആസ്ത്രേലിയയിൽ നിന്നും അമേരിക്കയിൽ നിന്നും ഫ്രാൻസ് അംബാസിഡർമാരെ തിരിച്ചു വിളിച്ചു.

- ഇൻഡോ-പസഫിക് മേഖലയിലെ രാഷ്ട്രീയപരവും പ്രതിരോധപരവുമായ സഹകരണവുമായി ബന്ധപ്പെട്ട് യൂറോപ്യൻ യൂണിയൻ വേറിട്ട സ്ട്രാറ്റജി പ്രഖ്യാപിച്ചിട്ടുണ്ട്.

- ഇന്ത്യയുടേയും ആസ്ത്രേലിയയുടെയും ഫ്രാന്സിന്റെയും വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ നിന്നും ഫ്രാൻസ് പിന്മാറി.

## ഇൻഡോ-പസഫിക് സഹകരണങ്ങളിലെ ആഘാതം

- പുതിയ കൂട്ടുകെട്ട് ഇൻഡോ-പസഫിക് മേഖലയിലെ നിലവിലെ സഹകരണങ്ങളിൽ വിള്ളലുണ്ടാകുമോ എന്ന ആശങ്ക നിലനിൽക്കുന്നു.

- മേഖലയിലെ മറ്റൊരു  പ്രധാന കൂട്ടുകെട്ടായ "ക്വാഡ്" പുതിയ "ഒക്കസ് " കൂട്ടുകെട്ടുമായി ചേർന്ന് പ്രവർത്തിക്കുമോ അതോ രണ്ടും വ്യത്യസ്തമായ രീതിയിൽ മുന്നോട്ടുപോകുമോ എന്നതും ആശങ്ക സൃഷ്ടിക്കുന്നു.

## ഇന്ത്യയുടെ ആശങ്ക

- "ഒക്കസ്"ൽ നിന്നും ഇന്ത്യയെയും ജപ്പാനെയും മാറ്റി നിർത്തി.

- ഇൻഡോ-പസഫിക് മേഖലയിലെ ഇന്ത്യയുടെ പ്രധാന കാൽവെപ്പാണ് "ക്വാഡ്". പുതിയ "ഒക്കസ്" കൂട്ടുകെട്ട് "ക്വാഡ്"നെ ദുർബലമാക്കുമോ എന്നത് ഇന്ത്യയുടെ പ്രധാന ആശങ്കയാണ്.